കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് - 2006-07 - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 12 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1602/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 13/06/2012

പരാമർശം:-
1) പഞ്ചായത്ത് ഡയറക്ടറുടെ 03/01/2012-ലെ എം4-36972/11 നമ്പർ കത്ത്.
2) അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/06/2011-ലെ A.O 7856/11 നമ്പർ കത്ത്.
3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 10/05/2012-ലെ LF-2089/P.T1/12 നമ്പർ കത്ത്.

## ഉത്തരവ്

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2006-07-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 12 പ്രകാരം കുടുംബശ്രീ സംഗമം എന്ന പേരിൽ വികസന ഫണ്ടിൽ നിന്നും 2500/- രൂപ മാത്രം വകയിരുത്തിയ പ്രോജക്ടിന് ക്രമപരമല്ലാതെ 24,726/- രൂപ (ഇരുപത്തിനാലായിരത്തി എഴുനൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) ചെലവഴിച്ചിരുന്നത് നിരാകരിച്ചിരുന്നു.

കുടുംബശ്രീയുടെ പ്രവർത്തനാരംഭ ഘട്ടത്തിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ലഘുസംരംഭങ്ങൾ തുടങ്ങുന്നതിനും വേണ്ടിയാണ് ക്യാമ്പുകളും പരിപാടികളും ടി പദ്ധതിയിലൂടെ നടത്തപ്പെട്ടതെന്നും അതു വഴി നിരവധി യൂണിറ്റുകളും സംരംഭങ്ങളും ആരംഭിച്ചുവെന്നും സദുദ്ദേശത്തോടെ നടപ്പിലാക്കിയ ടി ചെലവിന് സാധൂകരണം നൽകണമെന്ന് 25/06/2011-ലെ പഞ്ചായത്ത് കമ്മറ്റിയുടെ IV (1) -ാം നമ്പർ തീരുമാനം ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്നിലെ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റിയുടെ മറുപടിയുടെയും ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും പഞ്ചായത്ത് ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 12 പ്രകാരം തടസ്സപ്പെടുത്തിയ 24,726/- രൂപയുടെ (ഇരുപത്തിനാലായിരത്തി എഴുനൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ